D1AML2501 **(2 Pages)** **Name.....**
Reg. No.....

FIRST SEMESTER M.A. DEGREE EXAMINATION, NOVEMBER 2025
(Regular/Improvement/Supplementary)
MALAYALAM WITH JOURNALISM
FMAL1C01 – പ്രാചീന മധ്യകാല കവിത

Time: 3 Hours **Maximum Weightage: 30**

ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.

ഓരോന്നിനും 2 വെയ്റ്റേജ് വീതം.

1. "എന്നെ നോക്കാതെ നേരം നോക്കണം കൊച്ചമ്പിരാൻ" എന്ന പുലയിയുടെ വാക്കുകളിൽ പ്രകടമാകുന്ന ഭാവവും ഭാഷയും വ്യക്തമാക്കുക.

2. പകർന്തിതുകോലങ്കൾ ചീലങ്കളും
പരപ്പരമായിനിയെങ്ങളിലേ."- സന്ദർഭവും ആശയവും വ്യക്തമാക്കുക.

3. "ആർക്കലി ചിന്ത ചെയ്തിതു
രാമദൂതനിവന്നു ഞാൻ സൽ-
ക്കാരമിയറ്റുവൻകനിവൊടു." –സന്ദർഭം വിശദമാക്കുക.

4. റൊമാൻറിക് കാവ്യധാരയുടെ സവിശേഷതകൾ വിവരിച്ച് കുചേലവൃത്തം വഞ്ചിപ്പാട്ട് ഈ കാവ്യധാരയുമായി ഇണങ്ങുന്നുണ്ടോ എന്നു പരിശോധിക്കുക.

5. നമ്പ്യാർക്കവിതയിലെ നാടോടി വഴക്കങ്ങളെ 'സത്യാസ്വയംവരം തുള്ളലി'നെ മുൻനിർത്തി വിലയിരുത്തുക.

6. "പാഥസാംനിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ"– സന്ദർഭവും അലങ്കാരത്തിൻറെ ഔചിത്യവും വ്യക്തമാക്കുക.

7. "കാൺക നമ്മുടെ സംസാരം കൊണ്ടത്രേ
വിശ്വമിങ്ങനെ നിൽപ്പൂവെന്നും ചിലർ"- ആശയം വിശദമാക്കുക

(4 x 2= 8 വെയ്റ്റേജ്)

ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.

ഓരോന്നിനും 3 വെയ്റ്റേജ് വീതം.

8. മലയാളത്തിലെ രാമകഥാഖ്യാനങ്ങൾ പരിചയപ്പെടുത്തുക.

9. "അപ്പോളുദ്യൽക്കുളിർമതിമുഖീ, മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാ, ചാരുതാരാശ്രുമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ, നൂനമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാംതന്നെയന്വേതിസന്ധ്യാ."- വ്യാഖ്യാനിച്ച് അലങ്കാരത്തിന്റെ ഭംഗിയും ഔചിത്യവും വിവരിക്കുക.

(തുടർച്ച...2)

10. പാട്ടുപ്രസ്ഥാനത്തിന്റെ ഭാവുകത്വപരിണാമം ഭാരതത്തിലെ ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെടുന്നുണ്ടോ. വിചിന്തനം ചെയ്യുക.

11. മഹാഭാരതത്തിൽനിന്നും വ്യതിരിക്തമായി നളചരിതത്തിൽ കലിയെ സൃഷ്ടിച്ചപ്പോൾ ഉണ്ണായിവാര്യർ പുലർത്തിയ ഭാവനാഗരിമ ചർച്ചചെയ്യുക.

12. ബദറുൽ മുനീർ-ഹുസ്നുൽ ജമാൽ എന്ന കാവ്യത്തിൻറെ സാംസ്കാരികതലം പരിചയപ്പെടുത്തുക.

13. മുക്തകങ്ങൾ എന്നാൽ എന്ത്? ഭാഷയിലെ മുക്തകങ്ങളുടെ സവിശേഷതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

14. പച്ചമലയാളപ്രസ്ഥാനത്തിൽ 'കോമപ്പൻ' എന്ന കാവ്യത്തിനുള്ള പ്രാധാന്യം വെളിപ്പെടുത്തുക.

(4 X 3= 12 വെയ്റ്റേജ്)

ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.

15. പ്രാചീനമണിപ്രവാളകൃതികളിലെ അങ്ങാടിവർണ്ണന ദേശ-സാമൂഹിക-സാംസ്കാരികചരിത്രവുമായി ബന്ധപ്പെടുന്നു. ചർച്ചചെയ്യുക.

16. പച്ചമലയാളകവിതയെ മലയാളത്തിലെ പ്രീ-റൊമാൻറിക് കാവ്യമെന്നു വിശേഷിപ്പിക്കാമോ? 'കോമപ്പൻ' എന്ന കാവ്യത്തെ മുൻനിർത്തി വിലയിരുത്തുക.

17. പാട്ട്, മണിപ്രവാളം എന്നീ രണ്ടു കൈവഴികളായി ഒഴുകിവന്ന മലയാളകാവ്യധാര എഴുത്തച്ഛനിൽ ഒരുമിക്കുന്നു. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

18. ഉണ്ണായിവാര്യരുടെ കവികടാക്ഷം നളചരിതം രണ്ടാംദിവസത്തെ മുൻനിർത്തി വിചിന്തനം ചെയ്യുക.

(2 X 5= 10 വെയ്റ്റേജ്)